# വെണ്മണി ഗ്രാമപഞ്ചായത്ത് പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നാൾവഴി റിപ്പോർട്ട്

## ആമുഖം

വെണ്മണി ഗ്രാമപഞ്ചായത്ത് ആലപ്പുഴ ജില്ലയുടെ ഏറ്റവും കിഴക്കൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ്.ആലപ്പുഴ ജില്ലയുടെ ഉയർന്ന കുന്നുകളും ചെറിയ മലകളും ഉൾപ്പെടുന്ന ചെങ്ങന്നൂർ താലൂക്കിലെ ഗ്രാമമാണിത്. ധാരാളം പാടശേഖരങ്ങളും കൃഷി സ്ഥലങ്ങളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. അച്ചൻകോവിലാർ ഈ പഞ്ചായത്തിന്റെ വിരിമാറിലൂടെ ഒഴുകുന്നു. അച്ചൻകോവിലാറിന്റെ പഴയ പ്രവാഹമായിരുന്ന ഉത്തരപ്പള്ളിയാറും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. വെണ്മണി എന്ന പേര് അന്വർത്ഥമാക്കുന്ന തരത്തിൽ ഇപ്പോഴും നല്ല കൃഷിയിടങ്ങളുള്ള ഈ പഞ്ചായത്ത് പ്രദേശത്തിന്റെ തൊണ്ണൂറു ശതമാനവും വെള്ളപ്പൊക്കത്താൽ മുങ്ങിപ്പോയി.വെണ്മണിയുടെ പഞ്ചായത്ത് ഓഫീസ്,പോലീസ് സ്റ്റേഷൻ, കൃഷി ഭവൻ, മൃഗാശുപത്രി,ആയുർവേദാശുപത്രി തുടങ്ങിയ സർക്കാർ ആഫീസുകളും രണ്ട് സർക്കാർ സ്കൂളുകളും ഇതര സ്കൂളുകളും മിക്ക അംഗൻവാടികളും വെള്ളത്തിൽ മുങ്ങിപ്പോയി. പഞ്ചായത്തിന്റെ ഇപ്പോഴത്തെ കേന്ദ്രമായ കല്യാത്ര ജംഗ്ഷനിൽ കഴുത്തറ്റം വെള്ളമായിരുന്നു. പഴയ കേന്ദ്രമായ ഇല്ലത്തുമേപ്പുറം ചാമക്കാവ് നിലയില്ലാത്ത രീതിയിലും മുങ്ങിപ്പോയിരുന്നു. പുലക്കടവും വരമ്പൂരും താഴത്തമ്പലം പ്രദേശങ്ങളും രൂക്ഷമായ പ്രളയത്തിൽ നിലയില്ലാക്കയമായി. റോഡുകളിൽ നടക്കാൻ പറ്റാത്ത രീതിയിൽ അതിശക്തമായ ഒഴുക്കും പ്രളയവുമായിരുന്നു. വിവിധ സർക്കാർ സംവിധാനങ്ങളും പൊതു ജനങ്ങളും മത്സ്യ ബന്ധനസഹോദരങ്ങളും ബോട്ടുകളിലും വള്ളങ്ങളിലും വലിയ പാത്രങ്ങളിലും ചങ്ങാടങ്ങളിലും ഹെലികോപ്റ്റർ ഉപയോഗിച്ചും ജനങ്ങളെ സംരക്ഷിച്ച് ക്യാമ്പുകളിലും ബന്ധുവീടുകളിലും എത്തിച്ച് രക്ഷപെടുത്തി. വെണ്മണിയിലേക്ക് സമീപസ്ഥലങ്ങളിൽ നിന്ന് വരാൻ പറ്റാത്ത രീതിയിൽ ഒറ്റപ്പെട്ടു പോയിരുന്നു. വലിയ വടം പുലക്ക ടവ് മുതൽ കല്യാത്ര വരെ കിലോമീറ്റർ നീളത്തിൽ റോഡിലൂടെ കെട്ടി ആൾക്കാർക്ക് പിടിച്ചു നടന്നുപോകാൻ സഹായമായി വെൻസെക് സംഘടന കെട്ടിയിരുന്നു.

രക്ഷാപ്രവർത്തനം നടത്തുന്നതിന് പഞ്ചായത്ത്, പോലീസ്, സൈന്യം, വിവിധ സന്നദ്ധ സംഘടനകൾ, പൊതുസേവകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മത്സ്യ തൊഴിലാളി സഹോദര ങ്ങൾ എന്നിവർ കൈകോർത്ത് ഒന്നായി പ്രവർത്തിച്ച് വളരെ വലിയ സേവനമാണ് നിർവ്വഹിച്ചത്. വലുതും ചെറുതുമായി 31 ദുരുതിശ്വാസ ക്യാമ്പുകളിൽ 1933 കുടുംബങ്ങളും അവയിലെ 6933 ആൾക്കാരും ഉണ്ടായിരുന്നു. 3554 വീടുകളിൽ വെണ്മണി പഞ്ചായത്തിൽ വെള്ളം കയറിയിരുന്നു. 14/8/2018 മുതൽ 04/09/2018 വരെയും തുടർന്നുമുള്ള ദുരുതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും സംബന്ധിച്ച നാൾവഴി റിപ്പോർട്ടും ഇതോടനുബന്ധമായി ചേർക്കുന്നു.

**ലെജു കുമാർ** — **വൈ നിസാർ**

(പ്രസിഡന്റ്) — (സെക്രട്ടറി)

വെണ്മണി

04.09.2018

# നാൾവഴി റിപ്പോർട്ട

## പ്രധാന പ്രവർത്തനങ്ങൾ

- 14.08.2018

ദുരന്തനിവാരണ അവലോകന യോഗ തീരുമാനത്തിന്റെയും ബഹു.സർക്കാർ നിർദ്ദേശ പ്രകാരവും ഗ്രാമപഞ്ചായത്ത് ആഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു. വെള്ളപ്പൊക്കം രൂക്ഷമാവുകയാണെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങുന്നതിന് യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്തു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും നിർദേശങ്ങൾ നൽകി.

- 15.08.2018

സ്വാതന്ത്ര്യദിന പതാക ഉയർത്തൽ നടത്തി. കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ചു. തോരാമഴയുടെ വ്യാപ്തിയെപറ്റി അവലോകനം നടത്തി. വൈകിട്ടോടു കൂടി പോലീസും പഞ്ചായത്ത് അധികാരികളും ചേർന്ന് പ്രളയം സംബന്ധിച്ച മുൻകരുതൽ സ്വീകരിക്കുന്നതിന് പ്രദേശത്ത് വാഹനത്തിൽ അനൗൺസ്മെന്റ് നടത്തി.

- 16.08.2018

അന്നേ ദിവസം രാവിലെ മുതൽ വെള്ളം വീടുകളിൽ കയറിതുടങ്ങി.പൊതുജനങ്ങൾ പഞ്ചായത്ത് ആഫീസിലും പോലീസ് സ്റ്റേഷനു മുൻപിലും തടിച്ചു കൂടിയിരുന്നു. പഞ്ചായത്ത് അധികൃതരും പോലീസ് അതികൃതരും പ്രത്യേകം പ്രത്യേകമായി വള്ളങ്ങൾ ഏർപ്പാടു ചെയ്തു. വള്ളങ്ങളിൽ പ്രളയബാധിതരായ ആൾക്കാരെയും വളർത്തു മൃഗങ്ങളേയും ക്യാമ്പുകളിലേക്കും ബന്ധു വീടുകളിലേക്കും സന്നദ്ധ പ്രവർത്തകരും സർക്കാർ വകുപ്പും ജനപ്രതിനിധികളും എത്തിക്കാൻ തുടങ്ങി. അന്നു വൈകുന്നേരം പഞ്ചായത്ത് ആഫീസിലും പോലീസ് സ്റ്റേഷനിലും വെള്ളം കയറി.



**പഞ്ചായത്ത് ഓഫീസിൽ  വെള്ളം കയറിയപ്പോൾ........**

കാലവർഷം ഭീകരമായി താണ്ഡവമാടി. വൈദ്യുതി ബന്ധങ്ങൾ ഇല്ലാതായി. പോലീസ് സ്റ്റേഷനിലെ ടെലിഫോൺ ബന്ധം പാടെ തകർന്നു.പഞ്ചായത്തിലെ ലാൻഡ് ഫോൺ സംവിധാനം പോലീസ് ഉദ്യോഗസ്ഥരും ഉപയോഗപ്പെടുത്തി. വെണ്മണി പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ സന്തോഷ് കുമാർ എ 14/08/2018 മുതൽ 25/08/2018 വരെ 12 ദിവസത്തേക്ക് 24 മണിക്കൂറും കറണ്ടില്ലാതിരുന്നിട്ടും വളരെ ബുദ്ധിമുട്ടി കൺറോൾ റൂം പ്രവർത്തന സജ്ജമാക്കി.




വിവിധ സ്ഥലങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ സ്കൂളുകൾ, കമ്യൂണിറ്റി ഹാളുകൾ, പാരിഷ്ഹാളുകൾ, വിവിധ വീടുകൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ പ്രവർത്തനം ആരംഭിച്ചു. 31 ക്യാമ്പുകൾ-1933 കുടുംബങ്ങളുമായി 6933 ആൾക്കാർ വിവിധ ക്യാമ്പുകളിൽ എത്തുകയുണ്ടായി.

- 17.08.2018

ഭീകരമായ മഴയും ഭിതിജനകമായ പ്രളയവും അതിശക്തമായ ഒഴുക്കും നിമിത്തം വെണ്മണി ഗ്രാമം ഒറ്റപ്പെട്ടു. വെണ്മണിയിലേക്ക് പുറത്തു നിന്നും ആർക്കും പ്രവേശിക്കാൻ പറ്റാത്ത തരത്തിലായിതീർന്നിരുന്നു. പഞ്ചായത്ത് ആഫീസിലെ കൺട്രോൾ റൂം അപ്പോഴും 24 മണിക്കൂറും പ്രവർത്തിച്ചിരുന്നു. പോലീസ് സ്റ്റേഷനിൽ വെള്ളം കയറി ടെലഫോൺ സംവിധാനം തകരാറിലായതിനാൽ അവിടേക്കുള്ള ഫോൺ കോളുകളും പഞ്ചായത്ത് ഓഫീസിലാണ് എത്തിയിരുന്നത്.പഞ്ചായത്തിലെയും പോലീസിലെയും ജീപ്പുകൾ വെള്ളം കയറി പ്രവർത്തന രഹിതമായി.ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന ജെ ബി എസ് വെണ്മണി,പെനിയേൽ പ്രെയ്സ് ഹോം എന്നിവിടങ്ങളിൽ വെള്ളം കയറിയതിനാൽ ഇവിടങ്ങളിൽ പാർപ്പിച്ചിരുന്നവരെ സെന്റ് ജൂഡ് ക്യാമ്പിലേക്ക് മാറ്റി. പഞ്ചായത്ത് ഓഫീസിൽ നാലടിയോളം വെള്ളം കയറിയതിനാൽ ഓഫീസ് അറ്റന്റന്റ് ശ്രീ. സന്തോഷ് കുമാർ എ, ഡ്രൈവർ ശ്രീ.സുഭാഷ് പി കെ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഫയലുകളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മറ്റും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിവെച്ചു.



- 18.08.2018

ക്യാമ്പുകൾ കൂടുതൽ സജീവമായി. മിക്ക പഞ്ചായത്ത് മെമ്പർമാരുടേയും വീടുകളിൽ വെള്ളം കയറിയിരുന്നു. അവരും രക്ഷാപ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ക്യാമ്പുകളിൽ സജീവ സാന്നിദ്ധ്യമായി മാറി സർക്കാരിന്റെയും സാമൂഹ്യ രാഷ്ട്രീയ മത സംഘടനകളുടെയും വ്യക്തികളുടെയും സുമനസ്സുകളുടെയും സഹായ പ്രവാഹങ്ങൾ ആഹാര സാധന സേവനങ്ങളുടെ രൂപത്തിൽ ക്യാമ്പുകളിലും വിവിധ വീടുകളിലും എത്തിക്കൊണ്ടിരുന്നു. പുലക്കടവു മുതൽ കല്യാത്ര വരെ വെൻസെക് എന്ന സംഘടന റോഡിലൂടെ വലിയ വടം കെട്ടിയിരുന്നു. അതിശക്തമായ ഒഴുക്കിലൂടെ ആൾക്കാർക്ക് പിടിച്ചു നടക്കാൻ ഇതു സഹായകമായി.ഈ ഓഫീസിലെ ക്ലാർക്ക് ശ്രീ.വി.വിനോദ് വീടുകൾ കേന്ദ്രീകരിച്ച് ക്യാമ്പായി താമസിച്ചിരുന്നവർക്ക് ഉയർ വെള്ളപ്പാച്ചിലിനിടയിലൂടെ അതിസാഹസികമായി ആഹാര സാധനങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിക്കുന്നതിന് മുൻകൈ എടുത്തു.

- 19.08.2018

വെള്ളത്തിന്റെ തോത് ഉയർന്നതിനാൽ വീടുകളിൽ താമസിച്ചിരുന്ന കൂടുതൽ കുടുംബങ്ങളെ രക്ഷപെടുത്തി ക്യാമ്പുകളിൽ എത്തിച്ചുകൊണ്ടിരുന്നു. സൈനികർ ഹെലികോപ്റ്ററിൽ ആൾക്കാരെ തിരുവനന്തപുരത്തേക്ക് സൈനിക ക്യാമ്പുകളിൽ എത്തിച്ചിരുന്നു. സന്നദ്ധ പ്രവർത്തകരും മത്സ്യതൊഴിലാളികളും പോലീസും പഞ്ചായത്ത് റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വിവിധ സേവന പ്രവർത്തകരും ബോട്ടുകളിലും വള്ളങ്ങളിലും ചങ്ങാടങ്ങളിലും വലിയ പാത്രങ്ങളിലും ചുമലിലും തലയിലും ചുമന്നും ആൾക്കാരെയും മൃഗങ്ങളെയും രക്ഷിച്ചു കരപ്രദേശങ്ങളിലും ക്യാമ്പുകളിലും എത്തിച്ചു കൊണ്ടിരുന്നു.

- 20.08.2018

മഴയും വെള്ളപ്പൊക്കവും ശക്തിയായി തുടർന്നിരുന്നു. എല്ലാ ക്യാമ്പുകളും സജീവമായി പ്രവർത്തിച്ചിരുന്നു.ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ക്യാമ്പുകളിൽ വൈദ്യസഹായം എത്തിക്കുന്നതിനായി കിളിമാനൂർ പഞ്ചായത്തിലെ ആമ്പുലൻസ് പഞ്ചായത്തിന് അനുവദിച്ചു നൽകി. വെണ്മണി പി എച്ച്.സി.യിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ക്യാമ്പുകളിൽ അടിയന്തിര വൈദ്യ സഹായം എത്തിക്കുന്നതിന് ഇത് സഹായകമായി.



പഞ്ചായത്തിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ക്യാമ്പുകളിലെ ചുമതല തരംതിരിച്ചു കൊടുത്തു.

- 21.08.2018

കിഴക്കൻ വെള്ളത്തിന്റെ വരവ് കുറഞ്ഞതോടെ മഴ മാറി തുടങ്ങി വെള്ളം താഴാൻ തുടങ്ങി. ക്യാമ്പുകൾ അതേപടി പ്രവർത്തിച്ചിരുന്നു. സന്നദ്ധ സംഘടനകകളുടെ നേതൃത്വത്തിൽ വീടുകളിലും ക്യാമ്പുകളിലേക്കുമുള്ള സഹായങ്ങൾ തുടർന്നും എത്തിക്കൊണ്ടിരുന്നു.

- 22.08.2018

വെള്ളം കുറഞ്ഞു തുടങ്ങിയിരുന്നു. ക്യാമ്പുകൾ സജീവമായി തുടർന്നിരുന്നു.ദുരിതാശ്വാസ ക്യാമ്പുകളുടെ ശുചീകരണവിമായി ബന്ധപ്പെട്ട് ഫ്ളഡ് സാൻ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്തു.ക്യാമ്പുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ക്യാമ്പുകളുടെ ചുമതല ഉദ്യോഗസ്ഥർക്ക് നൽകി.



- 23.08.2018

വെള്ളം ഇറങ്ങി തുടങ്ങിയ വീടുകൾ ക്ലീൻ ചെയ്ത് ചില വീട്ടുകാർ സ്വന്തം വീടുകളിൽ താമസം തുടങ്ങി. അവർക്ക് സന്നദ്ധ പ്രവർത്തകരും സർക്കാർ ജീവനക്കാരും മറ്റും ഭക്ഷണത്തിനുള്ള സാധനങ്ങൾ എത്തിച്ചിരുന്നു. ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതിൽ യോഗം കൂടി സ്ഥിതിഗതികൾ അവലോകനം ചെയ്തു.

- 24.08.2018

വെള്ളത്തിന്റെ ശക്തി നല്ല രീതിയിൽ കുറഞ്ഞു.പല ചെറിയ ക്യാമ്പുകളും പിരിച്ചു വിട്ടുക്യാമ്പുകളുടെ എണ്ണം പതിനെട്ടായി ചുരുങ്ങി.

- 25.08.2018

പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണം അന്ന് ക്യാമ്പുകളിൽ തിരുവോണ സദ്യ ക്യാമ്പിലുള്ളവർക്കും സന്നദ്ധസേവകർക്കും ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വിളമ്പി.കേരള ചരിത്രത്തിലാദ്യമായി ക്യാമ്പുകളിൽ തിരുവോണം ആഘോഷിച്ചു.

- 26.08.2018

വീടുകളിൽ നിന്ന് വെള്ളം ഇറങ്ങാത്തവരും ക്ലീൻ ചെയ്തിട്ടില്ലാത്തവരും വീടു നഷ്ടപ്പെട്ടവരും ക്യാമ്പുകളിൽ തുടർന്നു. വിവിധ ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി.



- 27.08.2018

പലരും ക്യാമ്പുകൾ വിട്ടു തുടങ്ങി. ചെങ്ങന്നൂരിലെ ഹാച്ചറിയുടെ ക്യാമ്പ് സ്റ്റോറിൽ നിന്നും അരിയും മറ്റ് അവശ്യ സാധനങ്ങളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വാർഡുകളിലെ പ്രളയം അനുഭവപ്പെട്ട വീടുകളിൽ സാധനങ്ങൾ എത്തിച്ചു.

- 28/08/2018

സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ക്യാമ്പുകൾ പിരിച്ചു വിട്ടു. അന്നും ചെങ്ങന്നൂർ ക്യാമ്പ് സ്റ്റോറിൽ നിന്നും ലഭിച്ച അരിയും മറ്റ് അവശ്യ സാധനങ്ങളും വലിയ ടോറസ് ലോറിയിൽ പ്രളയ ബാധിതരായ വീട്ടുകാർക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ എത്തിച്ചു നൽകി. വീടുകളിൽ അകപ്പെട്ടുപോയ കുടുംബങ്ങൾക്ക് ഇതു വളരെ സഹായകമായി. ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്കൂളുകൾ എല്ലാം പഞ്ചായത്തിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടു കൂടി ശുചീകരിക്കുകയും മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.

- 29.08.2018

സ്കൂളുകൾ എല്ലാം തുറന്നു പ്രവർത്തിച്ചു. കുട്ടികൾ സ്കൂളിൽ എത്തി തുടങ്ങി. വീട്ടിലേക്ക് മടങ്ങാനാവാതെ സ്കൂളുകളിലെ ക്യാമ്പുകളിൽ പ്രവർത്തിച്ചിരുന്ന 55 കുടുംബങ്ങളെ പഞ്ചായത്തിന്റെ അധീനതയിലുള്ള ഇല്ലത്തുമേപ്പുറം കമ്മ്യൂണിറ്റി ഹാളിലേക്കും ആലംതുരുത്ത് കമ്യൂണിറ്റിഹാളിലേക്കും, 12-ാം വാർഡിലെ മൂന്ന് വീടുകളിലേക്കും മാറ്റിപാർപ്പിച്ചു.

- 30.08.2018

പഞ്ചായത്ത് കമ്മിറ്റി ചേർന്നു പ്രളയാനന്തര ക്ലീനിംഗ് നടത്തുന്നതിന് 31.08.2018 നു സർവ്വകക്ഷി യോഗം വിളിക്കാൻ തീരുമാനിച്ചു.

- 31.08.2018

ബഹു. തദ്ദേശ സ്വയംഭരണ മന്ത്രി ശ്രീ.എ.സി.മൊയ്തീനും സംഘവും പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുകയും തുടർ നടപടികൾ നടത്തുന്നതിനുള്ള അവലോകനയോഗം നടത്തുകയും ചെയ്തു. ചെങ്ങന്നൂർ എം എൽ എ ശ്രീ.സജി ചെറിയാൻ,ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ പഞ്ചായത്ത് ഡയറക്ടർ ശ്രീ.ദിനേശൻ ഐ.എ.എസ്., അഡീഷണൽ ഡയറക്ടർ ശ്രീ.അജിത് കുമാർ, ,ചീഫ് എൻജിനീയർ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.വേണുഗോപാൽ, ഡി.ഡി.പി., തഴക്കര പെർഫോമൻസ് ആഡിറ്റ് യൂണിറ്റിലെ ശ്രീ.ശ്രീകുമാർ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

തുടർന്ന് സർവകക്ഷിയോഗം നടന്നു. വിവിധ സന്നദ്ധ സംഘടനകൾ,കുടുംബശ്രീ, രാഷ്ട്രീയ കക്ഷികൾ എന്നിവർ ശുചീകരണത്തിന് ആൾക്കാരെ അയച്ചുതരാമെന്ന് സമ്മതം അറിയിച്ചു. 01/09/2018,02/09/2018 തീയതിയിൽ പഞ്ചായത്ത് പരിധി മുഴുവൻ ശുചീകരിക്കുവാൻ തീരുമാനിച്ചു.

- 01.09.2018

അന്നേ ദിവസം പഞ്ചായത്തിൽ നിന്നും നൽകിയ ശുചീകരണ സാമഗ്രികൾ ഉപയോഗിച്ച് വിവിധ സന്നദ്ധ പ്രവർത്തകരുടെയും,രാഷ്ട്രീയ കക്ഷികളുടേയും,കുടുംബശ്രീ അംഗങ്ങളുടേയും പഞ്ചായത്തിന്റെയും പി എച്ച് സിയുടേയും നേതൃത്വത്തിൽ പഞ്ചായത്തിലെ പ്രളയ ബാധിത പ്രദേശങ്ങൾ മുഴുവൻ ശുചീകരിച്ചു. കല്യാത്രയിലുള്ള കടകളിലെ വെള്ളം കയറി വ്യാപകമായി നശിച്ച പലചരക്കു സാധനങ്ങൾ ജെ സി ബി, ടിപ്പർ എന്നിവ ഉപയോഗിച്ച് മറ്റൊരു സ്ഥലത്തേക്ക് മാറ്റി കുഴിച്ചു മൂടി.

➢ 02.09.2018

കല്യാത്ര ജംഗ്ഷനിലേയും അനുബന്ധ പ്രദേശങ്ങളിലേയും വൻതോതിലുള്ള മാലിന്യങ്ങൾ ജെ സി. ബി. , ടിപ്പർ, എന്നിവ ഉപയോഗിച്ച് നീക്കം ചെയ്തുകൊണ്ടിരുന്നു.പഞ്ചായത്തിലെ മുഴുവൻ വീടുകളും ഗവൺമെന്റ് സ്ഥാപനങ്ങളും സ്കൂളുകളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

➢ 03.09.2018

വിവിധ വാർഡുകളിലെ കിണറുകളിൽ പി എച്ച് സി യുടെ നേതൃത്വത്തിൽ ക്ലോറിനേഷൻ നടത്തി. കിണറുകൾ വൃത്തിയാക്കാൻ മൂന്ന് മോട്ടോറുകൾ വാങ്ങി. വീടുകളും പരിസരങ്ങളും പൊതുസ്ഥലങ്ങളും കുമ്മായം, ബ്ലീച്ചിംഗ് പൗഡർ എന്നിവ ഉപയോഗിച്ച് രോഗവിമുക്തമാക്കി.

➢ 04.09.2018

കമ്യൂണിറ്റി ഹാളുകളിലുള്ള രണ്ടു ക്യാമ്പുകളും പ്രവർത്തിക്കുന്നു. കിണർ വറ്റിക്കലും ക്ലോറിനേഷനും നടന്നുകൊണ്ടിരിക്കുന്നു. പകർച്ച വ്യാധികൾക്കെതിരെയുള്ള ഗുളിക വിതരണം പി എച്ച് സി. നടത്തി വരുന്നു. കഴുകിയ പ്ലാസ്ററിക്കുകൾ ശേഖരിച്ച് ക്ലീൻ കേരള മിഷനു നൽകുന്നതിനുള്ള നടപടികൾ തുടരുന്നു. വിവിധ പഞ്ചായത്തിൽ നിന്നും വന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉദ്യോഗസ്ഥർ,ജനപ്രതിനിധികൾ,പഞ്ചായത്തിലെ ഉദ്യോഗത്ഥർ എന്നി വർ ചേർന്ന് വിവിധ വാർഡുകളിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ട്രാൻസിറ്റ് വാക്ക് നടത്തി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി.

# പരിസമാപ്തി

വെണ്മണി ഗ്രാമപഞ്ചായത്തിലെ പ്രളയ ബാധിതരെ രക്ഷപെടുത്തി വീടുകളും സ്ഥലങ്ങളും ക്ലീൻ ചെയ്ത് ജീവിതത്തിലേക്ക് തിരികെ എത്താൻ സഹായിച്ച ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ, വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ, വ്യക്തികൾ, സൈനിക അർദ്ധ സൈനിക വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ, നോൺ ഗെവൺമെന്റൽ ഓർഗനേസേഷനുകൾ,ബഹു.കേരള സർക്കാർ,കേന്ദ്ര സർക്കാർ ജില്ലാ ഭരണ കൂടം വിവിധ വകുപ്പു തല ആഫീസുകൾ വിവിധ മിഷനുകൾ എന്നിവരോടെല്ലാം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ ഹൃദ്യമായ കൃതഞ്ജത രേഖപ്പെടുത്തുന്നു.